ആർ.ടി.ഓഫീസ് അനുവദിക്കുവാൻ നടപടി

62 [5618] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോയിന്റ് ആർ.ടി. ഓഫീസുകൾ ഇല്ലാത്ത താലൂക്ക് ആസ്ഥാനങ്ങൾ ഏതൊക്കെയാണ്;

(ബി) റാന്നി താലൂക്ക് ആസ്ഥാനത്ത് ഒരു ജോയിന്റ് ആർ.ടി. ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കുന്നത്തൂർ, പത്തനംതിട്ട ജില്ലയിലെ റാന്നി, ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, നിലമ്പൂർ, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി, മാനന്തവാടി എന്നീ താലൂക്കുകളിൽ ജോയിന്റ് ആർ.ടി. ഓഫീസുകൾ പ്രവർത്തിക്കുന്നില്ല.

(ബി). ഒരു പ്രദേശത്തെ വാഹനങ്ങളുടെ കണക്ക് പരിശോധിച്ചതിനുശേഷമേ പുതിയ ജോയിന്റ് ആർ.ടി ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കാനാവൂ.

അന്തർ സംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

63 [5619] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് എത്ര അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ നടത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ പുതുതായി ഇത്തരം എത്ര സർവ്വീസുകൾ ആരംഭിച്ചു; നിലവിൽ എത്ര സർവ്വീസുകൾ ഉണ്ട്; അവ ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്കാണെന്ന് വ്യക്തമാക്കാമോ;

(സി) 1996 മുതൽ 2003 ജൂൺ 30 വരെ അന്തർ സംസ്ഥാന ബസ് സർവ്വീസ് വഴി സംസ്ഥാനത്തിന് ലഭിച്ച വരുമാനം വെളിപ്പെടുത്തുമോ;

(ഡി) അന്തർ സംസ്ഥാന ബസ് സർവ്വീസുകൾക്ക് രൂപം നൽകുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് പരിശോധനാ വിധേയമാക്കുന്നത്;

(ഇ) ട്രെയിൻ സമയം ഈ വിഷയത്തിൽ പരിശോധനാ വിധേയമാക്കാറുണ്ടോ; വിശദ വിവരം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly